**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 782** **10-06-2021 - ൽ മറുപടിയ്ക്ക്**

**കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിലേക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഗതാഗത മാർഗ്ഗമായ കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് പ്രവൃത്തിക്ക് സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ട്; | (എ) | പ്രസ്തുത റോഡിന് 10.07.2019-ലെ സ.ഉ(സാധാ) നം.942/2017/പൊ.മ.വ പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതിയും, 01.12.2020-ലെ കിഫ്ബി ഉത്തരവ് പ്രകാരം ലാൻഡ് അക്വിസിഷനു വേണ്ടി 10 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട് . |
| (ബി) | പ്രസ്തുത തുക അനുവദിച്ചതിനുശേഷം റോഡ് വിപുലീകരണത്തിനായി യാതൊരു പ്രവൃത്തിയും നടക്കാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്. പ്രവൃത്തിയുടെ അംഗീകരിച്ച അലൈൻമെന്റ് പ്രകാരം അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് കരാർ നൽകിയെങ്കിലും സ്ഥലം ഉടമകളുടെ എതിർപ്പുകാരണം ടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അതിർത്തി കല്ലുകൾ പൂർണ്ണമായി സ്ഥാപിച്ചതിനുശേഷം ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| (ഡി) | മേൽ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ഡി) | നിലവിൽ ലഭ്യമായ ലാൻഡ് അക്വിസിഷനുള്ള അനുമതി കൂടാതെ പ്രവൃത്തിക്കുള്ള സാമ്പത്തിക അനുമതി കൂടി കിഫ്ബിയിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. ലാൻഡ് അക്വിസിഷനുള്ള നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തിക്കുള്ള സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ് . |
| (ഇ) | ദീർഘകാലമായി അറ്റകുറ്റപ്പണികൾ പോലും നടത്താത്ത റോഡിന്റെ ശോച്യാവസ്ഥ പരിഗണിച്ച് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഇ) | നിലവിൽ ലഭ്യമായ ലാൻഡ് അക്വിസിഷനുള്ള അനുമതി കൂടാതെ പ്രവൃത്തിക്കുള്ള സാമ്പത്തിക അനുമതി കൂടി കിഫ്ബിയിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. ലാൻഡ് അക്വിസിഷനുള്ള നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തിക്കുള്ള സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ് . |

സെക്ഷൻ ഓഫീസർ